# SSLC EXAMINATION, MARCH - 2025

## SOCIAL SCIENCE

(Malayalam)

Time : 2½ Hours | Total Score : 80

**പൊതുനിർദ്ദേശങ്ങൾ :**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ഉപയോഗിക്കാവുന്നതാണ്.
- PART - A യിലെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം. PART - B യിലെ ഓരോ ചോദ്യ നമ്പറിലും ഉൾപ്പെടുത്തിയിരിക്കുന്ന ഒരു ചോദ്യത്തിന് മാത്രമേ ഉത്തരം എഴുതേണ്ടതുള്ളൂ.

## PART - A

**Score**

1. കാഞ്ചൻജംഗ ഏത് പർവതനിരയിലാണ് ഉൾപ്പെടുന്നത് ? **1**

   (a) ഹിമാദ്രി (b) പൂർവഘട്ടം
   (c) ഹിമാചൽ (d) പശ്ചിമഘട്ടം

2. സ്വരാജ് പാർട്ടിക്ക് രൂപം നൽകിയത് ആര് ? **1**

   (a) ജയപ്രകാശ് നാരായൺ (b) സി.ആർ. ദാസ്
   (c) സുഭാഷ് ചന്ദ്ര ബോസ് (d) ജവഹർലാൽ നെഹ്റു

3. 'പൊതുഭരണമെന്നാൽ ഗവൺമെന്റ് ഭരണത്തെ സംബന്ധിക്കുന്നതാണ്.' – ഇത് ആരുടെ വാക്കുകളാണ് ? **1**

   (a) അരിസ്റ്റോട്ടിൽ (b) പ്ലേറ്റോ
   (c) നിക്കോളോ മാക്യവല്ലി (d) എൻ. ഗ്ലാഡൻ

4. കമ്പനികളുടെ അറ്റ വരുമാനത്തിന്മേൽ അഥവാ ലാഭത്തിന്മേൽ ചുമത്തുന്ന നികുതിയേത് ? **1**

   (a) വ്യക്തിഗത ആദായ നികുതി (b) വസ്തു നികുതി
   (c) കോർപ്പറേറ്റ് നികുതി (d) തൊഴിൽ നികുതി

5. ദക്ഷിണേന്ത്യയിലെ ആദ്യത്തെ ഇരുമ്പുരുക്ക് വ്യവസായശാല സ്ഥിതിചെയ്യുന്നത് ? **1**

   (a) ജംഷഡ്പൂർ (b) ദുർഗാപൂർ
   (c) ബൊക്കാറോ (d) ഭദ്രാവതി

6. സമൂഹശാസ്ത്ര പഠന രീതികളിൽ നിരീക്ഷണത്തിന്റെ പ്രാധാന്യമെന്ത് ? **3**

Score

7. ചുവടെ നൽകിയിരിക്കുന്ന ചാർട്ട് പൂർത്തിയാക്കുക. 3

ഇന്ത്യൻ സിവിൽ സർവീസ്

| ………(a)……… | കേന്ദ്ര സർവീസ് | ………(c)……… |
|---|---|---|
| കേന്ദ്ര സർവീസിലോ സംസ്ഥാന സർവീസിലോ നിയമിക്കപ്പെടുന്നു | …………………… ………(b)……… | സംസ്ഥാന ഗവൺമെന്റിനു കീഴിൽ വരുന്ന വകുപ്പുകളിൽ നിയമനം |

8. പാരമ്പര്യേതര ഊർജ സ്രോതസ്സുകളെക്കുറിച്ച് വിശദമാക്കുക. 3

9. ഹിമാലയൻ നദികളുടെ പൊതുവായ സവിശേഷതകൾ പട്ടികപ്പെടുത്തുക. 3

10. നികുതിയിതര വരുമാന സ്രോതസ്സുകളിൽ ഏതെങ്കിലും മൂന്നെണ്ണം വിശദമാക്കുക. 3

11. 'എ' കോളത്തിനനുയോജ്യമായി **'ബി'** കോളം ക്രമപ്പെടുത്തി എഴുതുക. 4

| എ | ബി |
|---|---|
| രാമകൃഷ്ണ മിഷൻ | ജ്യോതിബാ ഫുലെ |
| സത്യശോധക് സമാജം | ഇ.വി. രാമസ്വാമി നായ്ക്കർ |
| ബ്രഹ്മസമാജം | സ്വാമി വിവേകാനന്ദൻ |
| സ്വാഭിമാന പ്രസ്ഥാനം | രാജാ റാം മോഹൻ റായ് |

12. മഹാത്മാ ഗാന്ധി ഇന്ത്യയിൽ നടത്തിയ ആദ്യകാല സമരങ്ങളുടെ ഫലങ്ങൾ വിശദീകരിക്കുക. 4

13. ഉപഭോക്തൃ വിദ്യാഭ്യാസത്തിലൂടെ രൂപപ്പെടുന്ന ഉപഭോക്തൃ ശീലങ്ങൾ ഏതെല്ലാം ? 4

14. ചുവടെ തന്നിട്ടുള്ളവയെക്കുറിച്ച് ലഘു കുറിപ്പ് തയ്യാറാക്കുക. 4
    (a) മലയാളി മെമ്മോറിയൽ
    (b) ഈഴവ മെമ്മോറിയൽ

15. ചുവടെ ചേർത്തിട്ടുള്ള ഭൂവിവരങ്ങളെ നല്കിയിട്ടുള്ള ഇന്ത്യയുടെ രൂപരേഖയിൽ അടയാളപ്പെടുത്തി പേരെഴുതുക. 4
    (A) കണ്ട്‌ല തുറമുഖം
    (B) പൂർവഘട്ടം
    (C) നർമദാ നദി
    (D) ചോട്ടാനാഗ്പൂർ പീഠഭൂമി

Score

## PART - B

16. ഡോ. രാധാകൃഷ്ണൻ കമ്മീഷന്റെ പ്രധാന ശുപാർശകൾ എന്തെല്ലാം ? 3

**അല്ലെങ്കിൽ**

ബ്രിട്ടീഷ് ഭരണകാലത്ത് ഇന്ത്യൻ തുണി വ്യവസായത്തിന്റെ തകർച്ചക്ക് കാരണമായ ഘടകങ്ങൾ ഏതെല്ലാം ?

17. സൂര്യന്റെ ആപേക്ഷിക സ്ഥാനത്തെ അടിസ്ഥാനമാക്കി താഴെ പറയുന്ന ദിവസങ്ങളുടെ പ്രാധാന്യം വ്യക്തമാക്കുക. 3

(a) മാർച്ച് 21

(b) ജൂൺ 21

(c) ഡിസംബർ 22

**അല്ലെങ്കിൽ**

ചക്രവാതങ്ങളെക്കുറിച്ച് ഒരു കുറിപ്പ് എഴുതുക.

18. സ്വതന്ത്ര ഇന്ത്യ സാമ്പത്തിക രംഗത്ത് കൈവരിച്ച നേട്ടങ്ങളെക്കുറിച്ച് വിവരിക്കുക. 3

**അല്ലെങ്കിൽ**

ഇന്ത്യൻ ദേശീയതയെ ശക്തിപ്പെടുത്തുന്നതിൽ സ്വദേശി പ്രസ്ഥാനം വഹിച്ച പങ്ക് വ്യക്തമാക്കുക.

19. പൗരബോധം രൂപപ്പെടുത്തുന്ന ഏതെങ്കിലും രണ്ട് ഘടകങ്ങളെക്കുറിച്ച് വിശദമാക്കുക. 4

**അല്ലെങ്കിൽ**

രാഷ്ട്രരൂപീകരണത്തിന് അനിവാര്യമായ ഘടകമാണ് ജനങ്ങൾ. പ്രസ്താവന സമർത്ഥിക്കുക.

20. ജനസംഖ്യാ പഠനത്തിന്റെ പ്രാധാന്യം വ്യക്തമാക്കുക. 4

**അല്ലെങ്കിൽ**

ഇലക്ട്രോണിക് ബാങ്കിങ് എന്നാൽ എന്ത് ? ഇലക്ട്രോണിക് ബാങ്കിങ് ഇടപാടുകാർക്ക് സഹായകരമാകുന്നതെങ്ങനെ ?

21. രാഷ്ട്രതന്ത്ര ശാസ്ത്രത്തിന്റെ വിവിധ പഠന മേഖലകൾ ഏതെല്ലാം ? 4

**അല്ലെങ്കിൽ**

പൗരബോധം നേരിടുന്ന വെല്ലുവിളികളെ മറികടക്കാനുള്ള മാർഗങ്ങൾ നിർദ്ദേശിക്കുക.

Score

22. ആകാശീയ വിദൂര സംവേദനം എന്നാലെന്ത് ? ഇതിന്റെ പോരായ്മകൾ എന്തെല്ലാം ? 4

**അല്ലെങ്കിൽ**

ധരാതലീയ ഭൂപടങ്ങളിലെ ഈസ്റ്റിങ്സിന്റെയും നോർത്തിങ്സിന്റെയും സവിശേഷതകൾ താരതമ്യം ചെയ്യുക.

23. ധനകാര്യ സ്ഥാപനങ്ങൾ എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത് ? ബാങ്കിതര ധനകാര്യ സ്ഥാപനങ്ങൾക്ക് മൂന്ന് ഉദാഹരണങ്ങൾ എഴുതുക. 4

**അല്ലെങ്കിൽ**

'ആരോഗ്യം' എന്നാലെന്തെന്ന് നിർവചിക്കുക. ആരോഗ്യ പരിപാലനത്തിനായി ഒരുക്കേണ്ട സൗകര്യങ്ങൾ എന്തെല്ലാം ?

24. സമയ നിർണയവുമായി ബന്ധപ്പെട്ട് ചുവടെ നൽകിയിരിക്കുന്നവ വ്യക്തമാക്കുക. 5

- ഗ്രീനിച്ച് സമയം
- സ്റ്റാൻഡേർഡ് സമയം

**അല്ലെങ്കിൽ**

ആഗോള വാതങ്ങൾ എന്നാലെന്ത് ? വാണിജ്യവാതങ്ങളുടേയും പശ്ചിമ വാതങ്ങളുടേയും സവിശേഷതകൾ വിശദമാക്കുക.

25. ചൈനയിൽ ഒരു ജനകീയ റിപ്പബ്ലിക് സ്ഥാപിക്കുന്നതിൽ സൻയാത് സെൻ, മാവോ സെ തുംഗ് എന്നിവരുടെ പങ്ക് വിശകലനം ചെയ്യുക. 6

**അല്ലെങ്കിൽ**

ഒന്നാം ലോകയുദ്ധത്തിന്റെ കാരണങ്ങളും ഫലങ്ങളും വിശദമാക്കുക.